# രജിസ്ട്രേഷൻ വകുപ്പ്

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഓഫീസ്, വഞ്ചിയൂർ, തിരുവനന്തപുരം–35

**No. IGR/1990/2020-RR9** **തീയതി:** 30/04/2020

## <u>സർക്കുലർ</u>

വിഷയം -: രജിസ്ട്രേഷൻ വകുപ്പ് – ആധാരങ്ങൾക്ക് ഡിജിറ്റർ സിഗ്നേച്ചർ ഉപയോഗിക്കുന്നത് – സംബന്ധിച്ച്.

പരാമർശം –: കൊല്ലം, ആലപ്പുഴ ജില്ലാ രജിസ്ട്രാർ (ജനറൽ)–മാരുടെ വിവിധ തീയതികളിലെ കത്തുകൾ

ഡിജിറ്റൽ സിഗ്നേച്ചർ പതിച്ച ആധാരം രജിസ്ട്രേഷനു വേണ്ടി സ്വീകരിക്കാമോ എന്ന് പരാമർശ കത്തുകൾ പ്രകാരം സ്പഷ്ടീകരണം ആവശ്യപ്പെട്ടിരിക്കുന്നു.

Digital signature എന്നത് 2000–ലെ ഇൻഫർമേഷൻ ടെക്നോളജി ആക്ടിലെ വകുപ്പ് 2, ക്ലോസ് (പി)–ൽ ആണ് നിർവചിച്ചിരിക്കുന്നത്. ഡിജിറ്റർ സിഗ്നേച്ചർ ഉപയോഗിക്കുന്നതും, അതിന്റെ നിയമ സാധുതയും മറ്റും 2000–ലെ ആക്ടിലും അതിനു കീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളിലുമാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്.

ടി ആക്ടിലെ ഒന്നാം വകുപ്പിന്റെ നാലാം ഉപവകുപ്പ് പ്രകാരം ഏതൊക്കെ പ്രമാണങ്ങൾക്ക് 2000–ലെ ആക്ട് ബാധകമാകുന്നില്ല എന്ന് ആക്ടിലെ ഒന്നാം പട്ടികയിൽ വ്യക്തമാക്കിയിട്ടുണ്ട്.

ഒന്നാം പട്ടിക താഴെ പറയുന്ന പ്രകാരമാണ്.

THE FIRST SCHEDULE

[*See* sub-section *(4)* of section 1]

DOCUMENTS OR TRANSACTIONS TO WHICH THE ACT SHALL NOT APPLY

| Sl. No. | Description of documents or transactions |
|---|---|
| 1. | A negotiable instrument (other than a cheque) as defined in section 13 of the Negotiable Instruments Act, 1881 (26 of 1881). |
| 2. | A power-of-attorney as defined in section 1A of the Powers-of-Attorney Act, 1882 (7 of 1882). |
| 3. | A trust as defined in section 3 of the Indian Trust Act, 1882 (2 of 1882). |
| 4. | A will as defined in clause *(h)* of section 2 of the Indian Succession Act, 1925 (39 of 1925), including any other testamentary disposition by whatever name called. |
| 5. | Any contract for the **sale or conveyance of immovable property or any interest** in such property. |

[Emphasis supplied]

സ്ഥാവര വസ്തുവുമായി ബന്ധപ്പെട്ട പ്രമാണങ്ങൾ, വിൽപത്രം, ട്രസ്റ്റ്, പവർ ഓഫ് അറ്റോണി തുടങ്ങയവയ്ക്ക് 2000-ലെ ഇൻഫർമേഷൻ ടെക്നോളജി ആക്ട് ബാധകമല്ല. അതിനാൽ തന്നെ പ്രസ്തുത പ്രമാണങ്ങൾക്ക് 2000-ലെ ആക്ട് പ്രകാരമുള്ള ഡിജിറ്റൽ ഒപ്പ് ബാധകമാക്കുവാൻ കഴിയില്ല എന്നും കൈയ്യൊപ്പ് (wet signature) മാത്രമേ ഉപയോഗിക്കുവാൻ കഴിയു എന്നും കാണുന്നു.

മേൽ സാഹചര്യത്തിൽ ഡിജിറ്റൽ സിഗ്നേച്ചർ ഉപയോഗിച്ച് എക്സിക്യൂട്ട് ചെയ്ത ആധാരം രജിസ്ട്രേഷന് സ്വീകരിക്കാൻ കഴിയില്ല എന്ന് സ്പഷ്ടീകരണം നൽകുന്നു.

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2020.04.30 14:05:43 IST
Reason: Approved

**രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ**

പകർപ്പ്

1. രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽമാർ
2. ജില്ലാ രജിസ്ട്രാർമാർ.
3. എല്ലാ സബ് രജിസ്ട്രാർമാർക്കും (ജില്ലാ രജിസ്ട്രാർമാർ മുഖേന)
4. ഐ.ടി.സെക്ഷൻ (**വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്**)
5. ഫയൽ/സ്റ്റോക്ക് ഫയൽ.